## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത 154-ാം നമ്പർ ചോദ്യം 11.06.2012 -ലെ മറുപടിക്ക്**

**പട്ടികജാതി -പട്ടികവർഗ്ഗ വകുപ്പുകൾക്ക് 2011-12 സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതി അടങ്കൽ തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) പട്ടികജാതി - പട്ടിക വർഗ്ഗ വകുപ്പുകൾക്ക് 2011-12 സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതി അടങ്കൽ തുക എത്ര കോടി വീതമായിരുന്നു; അതിൽ കേന്ദ്രസഹായ പദ്ധതികളുടെ അടങ്കൽ എത്ര കോടി വീതമായിരുന്നു. | (എ) പട്ടികജാതി - പട്ടിക വർഗ്ഗ വകുപ്പുകൾക്ക് 2011-12 സാമ്പത്തിക വർഷത്തേയ്ക്കുള്ള മൊത്തം പദ്ധതി അടങ്കൽ തുക 864.70 കോടി രൂപയായിരുന്നു. ഇവയിൽ സംസ്ഥാന പദ്ധതികൾക്കായി 691.81 കോടി രൂപയും, 100% കേന്ദ്രാവിഷ്കൃത പദ്ധതികൾ, മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയ്ക്കായി യഥാക്രമം 139.24 കോടി രൂപയും 33.65 കോടി രൂപയും വകകൊള്ളിച്ചിരുന്നു. |
| (ബി) ഇവയിൽ യഥാർത്ഥത്തിൽ ചെലവഴിക്കാൻ കഴിയാതെപോയ തുകകൾ എത്ര കോടി വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ? | (ബി) വകുപ്പ്തല താല്ക്കാലിക കണക്ക് പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം 2012 മാർച്ച് 31 വരെ പട്ടികജാതി - പട്ടികവർഗ്ഗ വകുപ്പുകളിൽ സംസ്ഥാനപദ്ധതിയുടെ അടങ്കൽ തുകയായ 691.81 കോടി രൂപയിൽ 664.03 കോടി രൂപയും 100% കേന്ദ്രാവിഷ്കൃത പദ്ധതിയുടെ അടങ്കൽ തുകയായ 139.24 കോടി രൂപയിൽ 132.21 കോടി രൂപയും മറ്റു കേന്ദ്രാവിഷ്കൃതപദ്ധതികളുടെ അടങ്കൽ തുകയായ 33.65 കോടി രൂപയിൽ 13.11 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ.